"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം - ജീവനക്കാര്യം - ശ്രീ.ജി.സുരേന്ദ്രനെ (ക്ലാർക്ക്, ജില്ലാ കോടതി, കൽപ്പറ്റ, വയനാട്) ട്രൈബ്യൂണൽ ഓഫീസിൽ ഒഴിവുള്ള ക്ലാർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.130/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/01/2021

പരാമർശം:- 1) 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ

2) 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന.

3) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറിയുടെ 03/11/2020 ലെ എ1.678/TLSGIs/2020 നം. കത്ത്

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ ഓഫീസിൽ ഒഴിവുള്ള ക്ലാർക്ക് തസ്തികയിൽ കൽപ്പറ്റ ജില്ലാ കോടതിയിൽ ക്ലാർക്കായ ശ്രീ.ജി.സുരേന്ദ്രനെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജി.സുരേന്ദ്രനെ (ക്ലാർക്ക്, ജില്ലാ കോടതി, കൽപ്പറ്റ, വയനാട്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ട്രിബ്യൂണലിന്റെ കാര്യാലയത്തിലെ ക്ലാർക്ക് തസ്തികയിൽ കെ.എസ്.ആർ. ഭാഗം-I ചട്ടം 140(സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1) ലെ സർക്കുലറിലേയും പരാമർശം (2) ലെ ഉത്തരവിലേയും മാനദണ്ഡങ്ങൾക്കും വിധേയമായി, ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം
ശ്രീ.ജി.സുരേന്ദ്രൻ(രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി മുഖാന്തിരം)
രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ